പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1624 — 04.12.2015 ലെ മറുപടിയ്ക്ക്

## കൃഷി നാശത്തിന് നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) പ്രകൃതിക്ഷോഭത്തിൽ കൃഷി നശിക്കുന്നവർക്ക നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് ; | (എ) ഉണ്ട്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് അതതു സമയത്ത് കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നാണ് ധനസഹായം നൽകുന്നത്. നിലവിലുള്ള ഉത്തരവ് പ്രകാരം 33 ശതമാനമോ അതിലധികമോ വിളനാശം സംഭവിക്കുന്ന സാഹചര്യത്തിൽ വിളകളെ ദീർഘകാല വിളകളായും വാർഷിക വിളകളായും തരംതിരിച്ച് അവയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് SDRF - ൽ നിന്നുള്ള ധനസഹായം കണക്കാക്കുന്നത്. ഇപ്രകാരം കണക്കാക്കുമ്പോൾ കർഷകർക്ക് മുമ്പ് ലഭിച്ചിരുന്ന ധനസഹായത്തിൽ വരുന്ന കുറവ് നികത്തുന്നതിന് ആവശ്യമായ തുക കൃഷി വകുപ്പിൽ നിന്ന് നൽകുന്നതിന് 01.04.2015 മുതൽ പ്രാബല്യത്തിൽ ഉത്തരവായിട്ടുണ്ട്. |
| (ബി) നടപ്പ് വർഷം നഷ്ട പരിഹാരത്തിനായി എത്ര അപേക്ഷകൾ അമ്പലപ്പുഴ മണ്ഡലത്തിൽ ലഭിച്ചിട്ടുണ്ടെന്നും, ഇതിൽ എത്ര എണ്ണം ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ കൃഷി ഓഫീസർമാർക്ക് തിരിച്ചയച്ചിട്ടുണ്ടെന്നും, അതിന്റെ കാരണമെന്തെന്നും അറിയിക്കാമോ ; | (ബി) നടപ്പ് വർഷം അമ്പലപ്പുഴ മണ്ഡലത്തിൽ നിന്ന് കൃഷിനാശത്തിന് ധനസഹായത്തിനായി 1182 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കൃഷിനാശത്തിന് ധനസഹായം നൽകുന്നതിനായി കൃഷി ആഫീസർമാർ സമർപ്പിച്ചിട്ടുള്ള ക്ലെയിമുകൾ ജില്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർ തിരിച്ചയച്ചിട്ടില്ല. |
| (സി) അപേക്ഷ സമർപ്പിച്ചിട്ടും കൃഷി ഓഫീസർമാർ സ്ഥലം സന്ദർശിച്ച് പരിശോധന നടത്താത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ ; | (സി) ഇല്ല. |
| (ഡി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഇതുവരെ കൊടുത്തു തീർക്കാനുള്ള നഷ്ടപരിഹാര കുടിശ്ശിക എത്ര തുകയാണെന്ന് വ്യക്തമാക്കുമോ ; | (ഡി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ 2,32,00,000/- രൂപ ധനസഹായകുടിശ്ശികയുണ്ട്. |
| (ഇ) ഒക്ടോബർ, നവംബർ മാസങ്ങളിലെ മഴമൂലം അമ്പലപ്പുഴ മണ്ഡലത്തിൽ കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ ? | (ഇ) നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ